മെട്രോ വാർത്ത

18 July 2021

# കടൽപായലിൽ നിന്ന് ഔഷധം: സിഎംഎഫ്ആർഐ ഗവേഷകന് ദേശീയ പുരസ്കാരം

കൊച്ചി: കടൽപായലിൽ നിന്നും പ്രമേഹമുൾപ്പെടെ വിവിധ ജീവിതശൈലീ രോഗങ്ങൾക്കുള്ള ഉൽപ്പന്നങ്ങൾ വികസിപ്പിച്ചതിന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) പ്രിൻസിപ്പൽ ശാസ്ത്രജ്ഞൻ ഡോ. കാജൽ ചക്രവർത്തിക്ക് ദേശീയ അംഗീകാരം. കാർഷിക-കർഷക ക്ഷേമ മന്ത്രാലയത്തിന്റെ കീഴിലുള്ള ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐസിഎആർ) ഗവേഷണ രംഗത്ത് മികവ് തെളിയിച്ച ശാസ്ത്രജ്ഞർക്കുള്ള ഏറ്റവും ഉയർന്ന നോർമൻ ബോർലോഗ് ദേശീയപുരസ്കാരമാണ് കാജൽ ചക്രവർത്തിക്ക് ലഭിച്ചത്. അഞ്ച് വർഷത്തിലൊരിക്കൽ മാത്രം നൽകുന്ന ഈ പുരസ്കാരത്തിന് 10 ലക്ഷം രൂപയാണ് സമ്മാനം. ഇതിനു പുറമെ, അനുയോജ്യമായ ഗവേഷണപദ്ധതി ഏറ്റെടുത്തു നടപ്പിലാക്കുന്നതിന് അഞ്ച് വർഷത്തേക്ക് ഒന്നര കോടി രൂപ ഗവേഷണ ഗ്രാന്റും ലഭിക്കും.

സന്ധിവേദന, ടൈപ്പ്-2 പ്രമേഹം, അമിതവണ്ണം, അമിതരക്തസമർദം, തൈറോയിഡ്, ഓസ്റ്റിയോആർത്രൈറ്റിസ് എന്നീ ജീവിതശൈലീ രോഗങ്ങൾക്ക് ഫലപ്രദമായ ന്യൂട്രാസ്യൂട്ടിക്കൽ ഉൽപ്പന്നങ്ങൾ കടൽപായലിൽ നിന്നും വികസിപ്പിച്ചത് പ്രധാന ഗവേഷണ നേട്ടങ്ങളിൽപെടുന്നു. കൊവിഡ് രോഗപ്രതിരോധശേഷി കൂട്ടാൻ സഹായകമായ ഇമ്മ്യൂൺ-ബൂസ്റ്ററാണ് ഈ ഗണത്തിൽ ഏറ്റവും ഒടുവിലായി ഡോ കാജൽ വികസിപ്പിച്ചത്.



*ഡോ. കാജൽ ചക്രവർത്തി*

ഇതുൾപ്പെടെ, ഐസിഎആറിന്റെ 93ാമത് സ്ഥാപകദിനത്തോടനുബന്ധിച്ചു വിതരണം ചെയ്ത പുരസ്കാരങ്ങളിൽ നാലെണ്ണം സിഎംഎഫ്ആർഐക്ക് ലഭിച്ചു. മികച്ച ഡോക്ടറൽ പ്രബന്ധത്തിന് നൽകുന്ന ജവഹർലാൽ നെഹ്റു പുരസ്കാരം സിഎംഎഫ്ആർഐയിൽ ഗവേഷക വിദ്യാർഥിയായ ഡോ. ഫസീന മക്കാറിന് ലഭിച്ചു. കൂടാതെ, ഔദ്യോഗിക ഭാഷാനയം മികവോടെ നടപ്പിലാക്കിയതിന് രാജർഷി ടാൻഡൻ രാജ്ഭാഷ പുരസ്കാരവും സിഎംഎഫ്ആർഐ നേടി. 11ാമത് തവണയാണ് സിഎംഎഫ്ആർഐക്ക് ഈ പുരസ്കാരം ലഭിക്കുന്നത്. മികച്ച ഹിന്ദി മാഗസിനുള്ള ഗണേഷ ശങ്കർ വിദ്യാർഥി പുരസ്കാരത്തിന് സിഎംഎഫ്ആർഐയുടെ ഹിന്ദി മാഗസിനായ 'മത്സ്യഗന്ധ' അർഹമായി.